DESPATCHED 6/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 496*(2)/2022*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **17765**/*എസ്.ഐ.സി-ജി 6/22*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീമതി കവിത എൻ.നായർ,**
**അഡ്വക്കേറ്റ്, ലിൻ ചേമ്പേഴ്സ് ,**
**ടി.സി.82/6275(1), അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ടിന് സമീപം, വഞ്ചിയൂർ, തിരുവനന്തപുരം - 695 035.** } **പരാതി ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ& ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ ഇൻഫർമേഷൻ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.** } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.09.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.09.2022 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 24.11.2022 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 25.11. 2022 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി കവിത എൻ.നായർ, 24.11.2022ന് സമർപ്പിച്ച പരാതി ഹർജി 25.11.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.496(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരി 03.09.2022ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ യിൽ ആവശ്യപ്പെട്ടിരുന്നത്,

1) ഫിനാൻസ് ഇൻസ്പെക്ഷൻ വിങ് കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KSWDC) യിൽ 2014-2017 കാലഘട്ടത്തിൽ നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട അന്വേഷണം നടത്തി എന്നത് ശരിയാണോയെന്നും

2) ടി അന്വേഷണത്തിൽ ബന്ധപ്പെട്ട ആരോപണവിധേയരായ സ്വകാര്യ ഏജൻസി കളുടെ/മറ്റു ഡിപ്പാർട്ടുമെന്റുകളുടെ അഭിപ്രായം ആരാഞ്ഞിരുന്നോയെന്നും

3) ടി അന്വേഷണത്തിൽ ബന്ധപ്പെട്ട ആരോപണവിധേയരായ സ്വകാര്യ ഏജൻസി കളുടെ/മറ്റു ഡിപ്പാർട്ടുമെന്റുകളുടെ അഭിപ്രായം ആരാഞ്ഞിരുന്നെങ്കിൽ ഏതൊക്കെ ഏജൻസികളുടെ/സ്വകാര്യ കമ്പനികളുടെ ചുമതലയിലുള്ള ആളുകളെയാണ് കണ്ടതെന്നും വിശദാംശങ്ങൾ നൽകണമെന്നും

4) മേൽപ്പടി അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കണമെന്നുമാണ്.

ആയതിന് 27.09.2022ന് മറുപടി നൽകിയതായി കാണുന്നു.

4. എതിർകക്ഷി 26.12.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരി ക്കുന്നത്, ഹർജിക്കാരിയുടെ വിവരാവകാശ നിയമപ്രകാരമുള്ള 03.09.2022ലെ അപേക്ഷ 05.09.2022ൽ ധനകാര്യ വകുപ്പിൽ ലഭിച്ചുവെന്നും പ്രസ്തുത ചോദ്യങ്ങൾക്കുള്ള മറുപടി 27.09.2022ലെ 2197281/ഇൻഫ.2/205/2022/ധന നമ്പർ കത്തു പ്രകാരം ടിയാൾക്ക് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തന്നെ നൽകിയിരുന്നുവെന്നാണ്.

ധനകാര്യ വകുപ്പിൽ ലഭിച്ച അപേക്ഷയ്ക്ക് മറുപടി 29.09.2022ൽ ധനവകുപ്പിൽ നിന്ന് ഡെസ്പാച്ച് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത മറുപടി കത്തിന്മേൽ അപ്പീൽ അപേക്ഷ ഒന്നും ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിട്ടില്ലെന്നും അപ്പീൽ അപേക്ഷ ടി വകുപ്പിൽ ലഭ്യമാക്കാതെയാണ് ഹർജിക്കാരി കമ്മീഷന് പരാതി സമർപ്പിച്ചതെന്നാണ്.

ഹർജിക്കാരി പ്രസ്തുത മറുപടി ലഭ്യമായില്ലെന്നറിയിച്ചുകൊണ്ട് കമ്മീഷനു പരാതി സമർപ്പിക്കുകയും അപേക്ഷ തീർപ്പാക്കുന്നതിനുവേണ്ടി 08.12.2022ലെ കത്തുപ്ര കാരം ലാന്റ്/മൊബൈൽ നമ്പർ/ഇ-മെയിൽ സഹിതം റിപ്പോർട്ട് സമർപ്പിക്കുവാൻ ആവ ശ്യപ്പെടുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ലാന്റ്/മൊബൈൽ നമ്പർ/ഇ-മെ യിൽ സഹിതം ടി റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നുവെന്നുമാണ്.

5. 25.02.2023ന് കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരിയുടെ പ്രതിനിധി ഹാജരായിരുന്നു. എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാൾക്ക് മറുപടി ലഭ്യമായിട്ടില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിക്ക് പരാതിയില്ലെന്നറിയിച്ചതിനാൽ ഈ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയരുത്തി ഇന്നേദിവസം 2023 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

Sd/-

**കമ്മീഷൻ സെക്രട്ടറി**

Ge/